

SPEAKER

# N. SAKTHAN

Shri N. Sakthan, well known and dedicated Congressman has got the unique record of holding the positions of Protem Speaker, Deputy Speaker and Speaker of the thirteenth Kerala Legislative Assembly. He was born on May 15, 1951 as the son of Shri Y. Nalla Thampi and Smt. Y. Thankamma at Marappalam of Kanjiramkulam, Thiruvananthapuram. A Post Graduate in Arts, he has also completed the LL.B. course.

He started his political career right from his school days. His simplicity and politeness made him popular among common people. He is easily accessible to all, irrespective of poor or rich. Shri N. Sakthan served as KSC Trivandrum District Secretary (1974) and President (1975). He served as

Secretary (1976), Vice President (1978) and President (1979-82) of Kerala Congress Trivandrum District Committee.

Shri Sakthan was elected to the 7th KLA from Kovalam Constituency as a DSP candidate in 1982. He served as the member of Trivandrum District Council from 1991 to 1994. He has also held the positions of General Secretary and Treasurer of the DCC, Thiruvananthapuram.

As the representative from Nemom Constituency in the 11th KLA, Shri N. Sakthan served as Minister for Transport from September 5, 2004 to May 12, 2006 in the Ministry headed by Shri Oommen Chandy. He was elected to 12th KLA from Nemom Constituency in 2006.

A member of the 13th KLA from Kattakkada Constituency, Shri Sakthan assumed the Office of the Deputy Speaker on June 28, 2011 and continued till March 10, 2015. Consequent on the demise of Shri G. Karthikeyan, he was elected as the Speaker of the 13th KLA on March 12, 2015 and continued till June 1, 2016.

Shri N. Sakthan is currently member of KPCC Executive Committee and AICC.

Smt. N. Stella is his wife and they have two daughters.



സ്പീക്കർ

## എൻ. ശക്തൻ

കോൺഗ്രസ്സ് നേതാവും മന്ത്രിയുമായി ശോഭിച്ച, പതിമൂന്നാം കേരള നിയമസഭയിൽ പ്രോട്ടെം സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, സ്പീക്കർ എന്നീ പദവികൾ വഹിച്ച ശ്രീ. എൻ. ശക്തൻ 1951 മേയ് 15-ാം തീയതി ശ്രീ. വൈ. നല്ലതമ്പിയുടെയും ശ്രീമതി വൈ. തങ്കമ്മയുടെയും മകനായി തിരുവനന്തപുരം ജില്ലയിലെ കാഞ്ഞിരംകുളത്തിനടുത്ത് മരപ്പാലത്ത് ജനിച്ചു. എം.എ. ബിരുദം കരസ്ഥമാക്കിയ അദ്ദേഹം എൽഎൽ.ബി. കോഴ്സ് പൂർത്തിയാക്കുകയും ചെയ്തു.

സ്കൂൾ വിദ്യാഭ്യാസകാലത്ത് തന്നെ രാഷ്ട്രീയത്തിൽ പ്രവേശിച്ച ശ്രീ. എൻ. ശക്തൻ തന്റെ ലളിത ജീവിതവും സൗമ്യമായ പെരുമാറ്റവും നിമിത്തം

ചുരുങ്ങിയ കാലംകൊണ്ട് ജനങ്ങളുടെ പ്രിയ നേതാവായി. കെ.എസ്.സി. തിരുവനന്തപുരം ജില്ലാ സെക്രട്ടറി (1974), പ്രസിഡന്റ് (1975), കേരള കോൺഗ്രസ്സ് തിരുവനന്തപുരം ജില്ലാ കമ്മിറ്റി സെക്രട്ടറി (1976), വൈസ് പ്രസിഡന്റ് (1978), പ്രസിഡന്റ് (1979-82) എന്നീ നിലകളിലെല്ലാം ശ്രീ. എൻ. ശക്തൻ പ്രവർത്തിച്ചു.

1982-ൽ കോവളം നിയോജകമണ്ഡലത്തിൽ നിന്നും ഡി.എസ്.പി. പ്രതിനിധിയായി ഏഴാം കേരള നിയമസഭയിലെത്തിയ ശ്രീ. എൻ. ശക്തൻ തിരുവനന്തപുരം ജില്ലാ കൗൺസിൽ അംഗം (1991-94), തിരുവനന്തപുരം ഡി.സി.സി. ജനറൽ സെക്രട്ടറി, ട്രഷറർ തുടങ്ങിയ പദവികളും വഹിച്ചു.

2001-ൽ നേമം നിയോജകമണ്ഡലത്തിൽ നിന്നും പതിനൊന്നാം കേരള നിയമസഭയിലെത്തിയ ശ്രീ. എൻ. ശക്തൻ 2004 സെപ്റ്റംബർ 5 മുതൽ 2006 മേയ് 12 വരെ ഉമ്മൻചാണ്ടി മന്ത്രിസഭയിൽ ഗതാഗത വകുപ്പ് മന്ത്രിയായി സേവനമനുഷ്ഠിച്ചു. നേമം നിയോജകമണ്ഡലത്തിലെ ജനപ്രതിനിധിയായി 2006-ൽ അദ്ദേഹം പന്ത്രണ്ടാം കേരള നിയമസഭയിലുമെത്തി.

2011-ൽ കാട്ടാക്കട നിയോജകമണ്ഡലത്തിൽ നിന്ന് വിജയിച്ച ശ്രീ. എൻ. ശക്തൻ പതിമൂന്നാം കേരള നിയമസഭയിൽ അംഗമായി. 2011 ജൂൺ 28-ാം തീയതി അദ്ദേഹത്തെ ഡെപ്യൂട്ടി സ്പീക്കറായി തെരഞ്ഞെടുത്തു. 2015 മാർച്ച് 10-ാം തീയതി വരെ ശ്രീ. എൻ. ശക്തൻ തൽസ്ഥാനത്ത് തുടർന്നു. പതിമൂന്നാം കേരള നിയമസഭയുടെ സ്പീക്കറായിരുന്ന ശ്രീ. ജി. കാർത്തികേയന്റെ നിര്യാണത്തെ തുടർന്ന് ശ്രീ. എൻ. ശക്തൻ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടു. 2015 മാർച്ച് 12-ാം തീയതി മുതൽ 2016 ജൂൺ 1-ാം തീയതി വരെ അദ്ദേഹം തൽസ്ഥാനത്ത് തുടർന്നു.

നിലവിൽ ശ്രീ. എൻ. ശക്തൻ കെ.പി.സി.സി. നിർവ്വാഹകസമിതിയംഗവും എ.ഐ.സി.സി. അംഗവുമാണ്.

ശ്രീമതി എൻ. സ്റ്റെല്ലയാണ് അദ്ദേഹത്തിന്റെ ഭാര്യ. അവർക്ക് രണ്ട് പുത്രിമാരുണ്ട്.